/

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2934 12-10-2011-ലെ മറുപടിക്ക്

## എൻഡോസൾഫാൻ-പ്രത്യാഘാതങ്ങൾ

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീമതി ഇ. എസ്. ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ. കെ. അജിത്

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) എൻഡോസൾഫാൻ സൃഷ്ടിക്കുന്ന ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പഠനം നടത്തിയ വിവരം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(എ) എൻഡോസൾഫാൻ സൃഷ്ടിക്കുന്ന ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള പഠനം നടത്തുന്നത് ആരോഗ്യവകുപ്പ് ആണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ എൻഡോസൾഫാൻ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഫീൽഡുതല സർവ്വെ, സ്കൂളുകളെ അടിസ്ഥാനമാക്കിയുള്ള പഠനം, മനുഷ്യരക്തത്തിൽ എൻഡോസൾഫാൻ ഉണ്ടാക്കുന്ന ദോഷങ്ങൾ എന്നിങ്ങനെ 3 ഘട്ടമായിട്ടാണ് പഠനം നടത്തിയത്. പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ താഴെ പറയുന്നു.

1. ഗർഭസ്ഥശിശുമരണം, ശിശുമരണം എന്നിവ എൻഡോസൾഫാൻ ദുരിതമേഖലകളിൽ കൂടുതലാണ്.

2. ഈ പ്രദേശങ്ങളിലെ കുട്ടികളിൽ ശാരീരിക വൈകല്യം കൂടുതലാണ്.

3. ക്യാൻസർ, വൃക്ക സംബന്ധമായ അസുഖങ്ങൾ, ബ്രെയിൻ ട്യൂമർ എന്നിവ കൊണ്ടുള്ള ശിശുമരണ നിരക്ക് കൂടുതലാണ്.

4. ഈ പ്രദേശങ്ങളിൽ രോഗാതുരത കൂടുതലാണെന്ന് കണ്ടെത്തി.

5. പഠനം നടത്തിയ മേഖലകളിലെ സ്ത്രീ പുരുഷാനുപാതം കേരളത്തിലെ ശരാശരിയിലും താഴെയാണെന്ന് കണ്ടെത്തി.

6. ഈ പ്രദേശങ്ങളിലെ കുട്ടികളിൽ ഭാരം, പൊക്കം, എന്നിവ ശരാശരിയിലും താഴെ യാണെന്ന് കണ്ടെത്തി.

7. വന്ധ്യത പ്രത്യുൽപ്പാദന സംബന്ധിയായ അസുഖങ്ങൾ എന്നിവ കൂടുതലാണെന്ന് കണ്ടെത്തി.

8. മുച്ചുണ്ട്, ഹെർണ്ണിയ എന്നീ അസുഖങ്ങൾ കൂടുതലാണെന്ന് കണ്ടെത്തി.

9. ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ രക്ത സാമ്പിളുകളുടെ പരിശോധനയിൽ എൻഡോസൾഫാൻ സർഫേറ്റ്, ആൽഫാ എൻഡോസൾഫാൻ എന്നിവയുടെ അളവ് കൂടുതലാണ്.

(ബി) ഈ പഠന റിപ്പോർട്ട് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

(ബി) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിനെതിരെ ആന്ധ്രാപ്രദേശ് ഹൈക്കോടതിയിലെ അഭിഭാഷകൻ ശ്രീ. ജി. എസ്.വി. ശേഷു വക്കീൽ നോട്ടീസ് അയച്ചതായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ 28.7.11-ലെ കത്ത് പ്രകാരം സർക്കാരിലെ ആരോഗ്യവകുപ്പിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ